ൂകരളായൂണിവേഴ്സിറ്റി സെനറ്റ്.

* 66 [263] ശ്രീ. വി. എസ്സ്. അച്യുതാനന്ദൻ
ശ്രീ. ഈ. ബാലാനന്ദൻ
ശ്രീ. സി. കെ. ബാലകൃഷ്ണൻ
ശ്രീ. എസ്സ്. ദാമോദരൻ
ശ്രീ.ടി. കെ. കൃഷ്ണൻ
ശ്രീ. കെ. ചാത്തുണ്ണിമാസ്റ്റർ
ശ്രീ. ടി. എം. മീതിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ?

(എ). പുതിയതായി രൂപീകരിച്ച മുൻകേരള യൂണിവേഴ്സിറ്റി സെനറ്റ് പിരിച്ചുവിട്ടത് എന്നാണ്;

(ബി). പുതുതായി രൂപീകരിച്ച സെനറ്റിലേക്ക് നോമിനേഷൻ മൂലമാണ് മെമ്പർൻമാരെ നിശ്ചയിച്ചത് എന്നറിയുന്നത് ശരിയാണോ.

(സി). ആണെങ്കിൽ പ്രസ്തുത നോമിനേഷന്റെ കാര്യത്തിൽ ഗവൺമെൻറ് സ്വീകരിച്ച മാനദണ്ഡം എന്ത്?

(ഡി). പുതുതായി സെനറ്റിലേക്ക് നോമിനേറ്റ് ചെയ്യപ്പെട്ടവരുടെ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ):

(എ. ബി. സി.) കേരളായൂണിവേഴ്സിറ്റി ആക്ട് 75—ഏ വകുപ്പു പ്രകാരം യൂണിവേഴ്സിറ്റിയുടെ ചാൻസലറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് അദ്ദേഹം 8-12-69—ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പ്രകാരം നോമിനേഷൻമൂലം സെനറ്റ് പുനഃസംഘടിപ്പിക്കുകയാണ് ചെയ്തത്. 75—ഏ—വകുപ്പ് (3) ഖണ്ഡികപ്രകാരം പുതിയ സെനറ്റ് രൂപവൽക്കരണത്തോടെ പഴയ സെനറ്റു പിരിച്ചുവിട്ടതായി കണക്കാക്കാം.

(ഡി). മേശപ്പുറത്ത് വച്ചിട്ടുണ്ട്.*

ദന്തൽ കോളേജ്

* 67 [265] ശ്രീ. സി. എം. കുട്ടി: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ). കേരളത്തിലെ ഏക ദന്തൽ കോളേജായ തിരുവനന്തപുരം ദന്തൽ കോളേജിന്റെ ചുമതല വഹിക്കുന്ന ആൾ ഇപ്പോഴും വെളിയിൽനിന്ന് ഡെപ്യൂട്ടേഷനിലുള്ള ആൾ തന്നെയാണോ?

(ബി). ആണെങ്കിൽ പ്രസ്തുത കോളേജിൽ തന്നെ യോഗ്യതയുള്ളവർ ഇരിക്കെ ഡെപ്യൂട്ടേഷൻ സമ്പ്രദായം നിർത്തലാക്കാത്തതു എന്തുകൊണ്ടാണ്?

ഗതാഗതവും—ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) അല്ല.

(ബി). ചോദ്യം ഉദിക്കുന്നില്ല.

*Placed in the Library

LIBRARY ARCHIVES Kerala Legislative Assembly